# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3908 21.06.2019-ൽ മറുപടിക്ക്**

## കക്കയം ഹൈഡൽ ടൂറിസം പദ്ധതി

| | ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലബാറിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായ കക്കയം ഹൈഡൽ ടൂറിസം പദ്ധതി കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ നവീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) | കക്കയം ഹൈഡൽ ടൂറിസം പദ്ധതി നവീകരിച്ചു കൊണ്ടിരിക്കുകയാണ്. |
| (ബി) | ഹൈഡൽ ടൂറിസം വികസിപ്പിക്കുന്നതിനായി കക്കയത്ത് കെ. എസ്. ഇ.ബി.യുടെ കൈവശം എത്ര ഏക്കർ ഭൂമി ഉണ്ട് എന്നറിയിക്കാമോ; | (ബി) | കക്കയത്ത് കെ.എസ്.ഇ.ബി യുടെ കൈവശം വില്ലേജ് റിക്കോർഡ് പ്രകാരം ചക്കിട്ടപ്പാറ വില്ലേജിൽ 339.7944 ഹെക്ടർ ഭൂമിയും കുരാച്ചുണ്ട് വില്ലേജിൽ 80.3085 ഹെക്ടർ ഭൂമിയുമുണ്ട്. |
| (സി) | വനം വകുപ്പുമായി തർക്കം ഇല്ലാത്ത കക്കയത്തെ കെ. എസ്. ഇ. ബി. യുടെ ഭൂമിയിൽ ടൂറിസം വികസനത്തിനായി ആകർഷകമായ പുതിയ പദ്ധതികൾ ആരംഭിക്കുവാൻ തയ്യാറാവുമോ? | (സി) | കക്കയത്ത് ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആരംഭിക്കുവാനുള്ള ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ